കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിനാട് ഗ്രാമപഞ്ചായത്ത് - മാലിന്യം കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപകല്പന ചെയ്ത വാഹനം വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ) നം.697/18/തസ്വഭവ    തിരുവനന്തപുരം, തീയതി, 14.03.2018

വായന:- 1) പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20/11/2017 ലെ പി.2.750/15 നമ്പർ കത്ത്.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06/02/18 ലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.52.

## ഉത്തരവ്

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ മാലിന്യം ശേഖരിക്കുന്നതിനായി പ്രത്യേകം രൂപകല്പന ചെയ്ത വാഹനം വാങ്ങുന്നതിന് 7,00,000/-രൂപ (ഏഴ് ലക്ഷം രൂപ മാത്രം) വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റിന് (പ്രോജക്റ്റ് നമ്പർ.SO 07/17-18) അനുമതി നൽകണമെന്ന് മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

2) മുകളിൽ രണ്ടാമതായി വായിച്ച തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ മാലിന്യം കൊണ്ടുപോകുന്നതിനായി പ്രത്യേകം രൂപകല്പന ചെയ്ത വാഹനം വാങ്ങുന്നതിന് 7,00,000/-രൂപ (ഏഴ് ലക്ഷം രൂപ മാത്രം) വകയിരുത്തി തയ്യാറാക്കിയ പ്രോജക്റ്റിന് (പ്രോജക്റ്റ് നമ്പർ.SO 07/17-18) അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, പെരിനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ത.സ്വ.ഭ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ